# സീറോമലബാർ പ്രേഷിതവർഷം

*മാർ സെബാസ്റ്റ്യൻ വടക്കേൽ MST*

## ആമുഖം

2010 ആഗസ്റ്റുമാസത്തിൽ കാക്കനാടു മൗ് സെന്റ് തോമസിൽ നടന്ന സീറോ മലബാർ മെത്രാൻമാരുടെ സിനഡ് 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി പ്രഖ്യാപിക്കാൻ തീരുമാനിച്ചു. കേരളത്തിനുപുറത്തുള്ള സീറോ മലബാർ സഭയുടെ ആദ്യ പ്രേഷിത മേഖലയായ ഛാന്ദാമിഷന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ചാണ് പ്രേഷിതവർഷാചരണം വിഭാവനം ചെയ്തിട്ടുള്ളത്. സുവിശേഷവത്കരണത്തിന്റെയും പ്രവാസികൾക്കായുള്ള അജപാലന ശുശ്രൂഷയുടെയും ചുമതലയുള്ള കമ്മീഷൻ സഭയുടെ വിവിധ തലങ്ങൾ ഉൾപ്പെടുത്തികൊ് പ്രേഷിതവർഷാചരണത്തിനു വേണ്ട പ്രവർത്തനപദ്ധതികൾക്കു രൂപം നല്കുകയുണ്ടായി. അത് 2011 ജനുവരിയിൽ കൂടിയ സിനഡ് അംഗീകരിച്ചു. പ്രേഷിതവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. 1. സീറോ മലബാർ സഭയുടെ പ്രേഷിതാവബോധം ഉജ്ജ്വലിപ്പിക്കുക. 2. സഭയിലെ പ്രേഷിത ദൈവവിളി പ്രോത്സാഹിപ്പിക്കുക. 3. പ്രേഷിത പ്രവർത്തനങ്ങൾക്കായി ആത്മീയവും മാനുഷികവും ഭൗതികവുമായ വിഭവശേഷി സമാഹരിക്കുക. 4. സഭാംഗങ്ങളിലെല്ലാം പ്രത്യേകിച്ച് മിഷനറിമാരിൽ പ്രേഷിതതീക്ഷ്ണത ജ്വലിപ്പിക്കുക. "ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അപ്പ 1:8) എന്ന തിരുവചനമാണ് ആദർശവാക്യം. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ മിശാഹാനുഭവത്തിന്റെ ഉറവിടത്തിലേക്ക് കടന്നു ചെല്ലുന്ന തീർത്ഥാടകരായി ഈ പ്രേഷിത വത്സരത്തിൽ നാമോരോരുത്തരും മാറണം. ഒപ്പം ഈ തീർത്ഥാടനത്തിൽ നമ്മുടെ സ്മരണയിൽ തെളിഞ്ഞുവരേണ്ടതും ചർച്ചചെയ്യേതും സ്വായത്തമാക്കേണ്ടതുമായ തിരുവചനം "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16. 15) എന്ന മിശിഹായുടെ ആഹ്വാനമാണ്.

### സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്

രാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പറയുന്നു: "തീർത്ഥാടക സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. കാരണം, പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം" (പ്രേഷിതപ്രവർത്തനം 1.2). സുവിശേഷവത്കരണം ക്രൈസ്തവന്റെ പ്രാഥമിക കർത്തവ്യമാണ്. അവഗണന, ഭയം, ലജ്ജ എന്നിവകൊ് സുവിശേഷം പ്രസംഗിക്കാതിരുന്നാൽ നമുക്കുതന്നെ രക്ഷ പ്രാപിക്കാനാവുമോ എന്ന് ചിന്തിക്കണം. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി 9:16) എന്നാണല്ലോ വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നത്. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട സാക്ഷികളും (cf. ലൂക്കാ 24:48 ff; അപ്പ 1:8) എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്താൻ വിളിക്കപ്പെട്ടവരുമാണ് നാം (cf. മത്താ. 28:19 ff). ദൈവത്തിന്റെ വെളിപാട് പ്രഘോഷിക്കുന്നതുവഴി സഭ തന്റെ പ്രാരംഭകാലഘട്ടത്തിലേക്കു തിരിയുകയും അതിൽ വീണ്ടും ജീവിക്കുകയും ചെയ്യുന്നു. അതുവഴി അവൾ നവീകരിക്കപ്പെടുകയും തന്റെ യുവത്വം നിലനിറുത്തുകയുമാണ് ചെയ്യുന്നത്. എല്ലാ ജനങ്ങളെയും സഭ സുവിശേഷം അറിയിക്കണം. അത് അവളുടെ മൗലികദൗത്യമാണ്. വ്യാപകമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഇന്നത്തെ ലോകത്തിൽ അത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന ദൗത്യമാണ്. അത് സഭയുടെ വിളിയും കൃപയുമാണ്. സഭ എന്താകാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ അതായിക്കൊ് – യഥാർത്ഥസമൂഹം, യഥാർത്ഥ സാഹോദര്യം, ഒരു സജീവശരീരം, യഥാർത്ഥ സംസർഗം എന്നിവ ആയിക്കൊണ്ട് – പ്രേഷിതപ്രവർത്തനം നടത്തണം. ഇന്ന് അവളുടെ ചരിത്രം, ധീരത, സമർപ്പണബുദ്ധി, ധൈര്യം, ദർശനശക്തി, യുക്തി എന്നിവ ഉൾക്കൊള്ളണം. കൂടാതെ, പ്രാർത്ഥനകളിലും മാതൃകകളിലും ആത്മീയകർമ്മപരിപാടികളിലും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിലും സ്ഥാപനങ്ങളിലും കാണുന്ന പ്രചോദനാത്മകമായ അനേകം കാര്യങ്ങളും അവൾക്കുണ്ട് (cf. നവസുവിശേഷവത്കരണം, 2). ഇക്കാര്യങ്ങളെക്കുറിച്ച് നവമായ അവബോധം സീറോ മലബാർ സഭാംഗങ്ങളിൽ ജനിപ്പിക്കുകയാണ് പ്രേഷിതവർഷം പ്രധാനമായും ഉദ്ദേശിക്കുന്നത്.

രാം വത്തിക്കാൻ സൂനഹദോസിന്റെ തിരുസ്സഭ എന്ന പ്രമാണരേഖയിൽ സഭ തീർത്ഥാടകയാണെന്ന എന്ന ആശയം ഏറ്റവും പ്രകടവും അതിവസുന്ദരവുമായി എഴുതിചേർത്തിരിക്കുന്നത് പരിശുദ്ധ കന്യകാമറിയത്തോട് ബന്ധപ്പെടുത്തിയാണ്. "മറിയം ഭൂമുഖത്ത് തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന് സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കും" (തിരുസ്സഭ, 5:68). പരിശുദ്ധ

മറിയം സഭയുടെ പ്രതിരൂപമാണ്. രക്ഷകനായ മിശിഹായെ സ്വീകരിച്ച മാതാവ് തിടുക്കത്തിൽ എലിസബത്തിന്റെ അടുത്തേക്കും (ലൂക്ക 1:39) അതുവഴി എല്ലാ ജനതകളുടെ പക്കലേക്കും യാത്രയായി. മറിയത്തെ അനുകരിച്ച് രക്ഷകനെ എല്ലാ ജനതകളിലും സംസ്കാരങ്ങളിലും അവതരിപ്പിക്കാൻ സഭാമക്കൾക്ക് കടമയു ് .

**സീറോ-മലബാർ സഭയും പ്രേഷിതപ്രവർത്തനവും**

സീറോ മലബാർ സഭയുടെ പ്രേഷിതസ്വഭാവം ഈശോയുടെ പ്രേഷ്ഠശിഷ്യനായ മാർത്തോമ്മാശ്ലീഹായോടു ബന്ധിതമായിരിക്കുന്നു. സ്നേഹത്തിന്റെ ജ്വാലയായ് അവിടത്തേക്കുവേി മരിക്കാൻ പോലും തയ്യാറായ തോമ്മാശ്ലീഹായാണ് ഏറ്റവും കൂടുതൽ ദൂരം സഞ്ചരിച്ച് കേരളത്തിൽ സഭ സ്ഥാപിച്ചത്. തോമ്മാശ്ലീഹാ കേരളത്തിലെത്തി പൂർവികരെ മാമ്മോദീസാ മുക്കിയതും സഭാസമൂഹങ്ങൾ സ്ഥാപിച്ചതും മൈലാപ്പൂരിൽ രക്തസാക്ഷിയായതുമൊക്കെ സുറിയാനി ക്രിസ്ത്യാനികൾ പിൻതലമുറക്കാർക്ക് വികാരപൂർവം പറഞ്ഞുകൊടുക്കുന്നതിൽ എന്നും ദത്തശ്രദ്ധാലുക്കളായിരുന്നു.അതുവഴി പിൻതലമുറകളിലേക്ക് അപ്പസ്തോലന്റെ തീക്ഷ്ണത അവർ കൈമാറുകയായിരുന്നു. പ്രേഷിതതീക്ഷ്ണതയാൽ എരിഞ്ഞിരുന്ന പൗരസ്ത്യസുറിയാനിസഭയുമായി ഭാരതസഭയ്ക്ക നാലാം നൂറ്റാിൽ ഉായ ബന്ധം ഈ പ്രേഷിതതീക്ഷ്ണതയെ കെടാതെ സൂക്ഷിക്കാൻ ഇടയാക്കിയിട്ടുണ്ട്. 16-ാം നൂറ്റാിൽ ഈ നാട്ടിലെത്തിയ പാശ്ചാത്യമിഷണറിമാരുടെ ത്യാഗോജ്ജ്വലമായ മാതൃക സീറോ മലബാർ സഭയുടെ പ്രോഷിതതീക്ഷ്ണതയെ ഉദ്ദീപിപ്പിക്കുകയും ചെയ്തു.

സീറോ മലബാർ സഭ പ്രേഷിതരംഗത്ത് നേരിട്ടും അല്ലാതെയും ചെയ്തതും ഇന്നു ചെയ്യുന്നതുമായ പ്രവർത്തനങ്ങൾ ദൈവത്തിന്റെ കരസ്പർശമുള്ളവയാണ്. സീറോ മലബാർ സഭയിൽ നിറഞ്ഞു കവിഞ്ഞൊഴുകിയ മിഷണറി ദൈവവിളികളുടെ പ്രശാന്തമായ പ്രവാഹത്തിൽ ഭാരതത്തിലെ എത്രയോ മിഷൻപ്രദേശങ്ങൾ ക്രൈസ്തവവിശ്വാസത്തിന്റെ ശാദ്വലതീരങ്ങളായി. ആയിരക്കണക്കിനു യുവതീയുവാക്കന്മാർ സന്യാസ-വൈദിക ദൈവവിളികൾ സ്വീകരിച്ച് ക്രിസ്തുവിനെ അറിയാത്ത നഗരങ്ങളിലും ഗ്രാമങ്ങളിലും ആദിവാസി പ്രദേശങ്ങളിലും സുവിശേഷ വെളിച്ചവുമായി കടന്നുചെന്നു. ഇന്ത്യയിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മിഷണണരിമാരിൽ 70% ഈ സഭയിൽ നിന്നുള്ളവരാണെന്നത് നമ്മെ അഭിമാനഭരിതരാക്കുന്നു. സീറോ മലബാർ സഭയുടെ മക്കളുടെ പ്രേഷിതതീക്ഷ്ണത ഇന്ന് ഭാരതവും കടന്ന് സകല ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. ലോകമെങ്ങും സീറോ മലബാർ സഭാംഗങ്ങളായ മിഷണറിമാരെ കാണാനാകും. ക്രൈസ്തവജീവിതത്തിന് സംശുദ്ധവും സജീവവുമായ സാക്ഷ്യം നല്കുന്ന സമർപ്പിതമിഷണറി വൈദികരും സന്യസ്തരും അല്മായരും അതിൽപ്പെടുന്നു. സ്വന്തം ജീവിതത്തിന്റെയും വിളിയുടെയും അർത്ഥം മനസ്സിലാക്കി പ്രേഷിതദൗത്യത്തിന് ഇറങ്ങിത്തിരിക്കുന്നവരാണവർ. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം (റോമ 10:15) എന്ന തിരുവചനം അങ്ങനെ അന്വർത്ഥമാക്കപ്പെടുന്നു. സുവിശേഷത്തെയും കർത്താവിന്റെ തിരുനാമത്തെയും പ്രതി നിഷ്ഠുരപീഡനങ്ങളും അപമാനവും രക്തസാക്ഷിത്വവും വരെ സഹിക്കാൻ അവർ സന്നദ്ധരാണ്.

അമ്പതുവർഷങ്ങൾക്കുമുമ്പ് ഛാന്ദാമിഷൻ സ്ഥാപിതമായപ്പോൾ സീറോ-മലബാർ സഭയെ ദൈവം ഒരുപുതിയ യുഗത്തിലേക്ക് കൈപിടിച്ചുയർത്തുകയായിരുന്നു. ആദ്യമായി സി.എം.ഐ. സഭാംഗങ്ങൾ മിഷൻ വയലേലകളിലേക്ക് ഇറങ്ങിയപ്പോൾ അവരെ അനുഗമിക്കാൻ മറ്റു സന്യാസ സമൂഹങ്ങളും രൂപതകളും മധുരോദാരമായ മാത്സ്യര്യബോധത്തോടെ കർമ്മരംഗത്തേക്ക് കടന്നുവന്നു. അമ്പതുവർഷത്തിനുശേഷം മറ്റ് 9 രൂപതകളും അവിടെ പ്രവർത്തിക്കാൻ വിവിധ സന്യാസ സമൂഹങ്ങളും സെന്തോമസ് മിഷനറി സൊസൈറ്റി പോലുള്ള പ്രേഷിത സമൂഹങ്ങളും മുന്നോട്ടുവന്നപ്പോൾ അവിടെയെല്ലാം ക്രിസ്തുവിന്റെ മുഖം പ്രകാശിതമായി. പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതപ്രവർത്തനങ്ങളിൽ (പ്രേ.പ്രവ.1, 2) പങ്കുചേരുന്ന സഭയുടെ പ്രേഷിതസ്വഭാവം വെളിപ്പെടുകയും ചെയ്തു. സഭയുടെ ഈ പ്രവർത്തന മേഖലകളിൽ അനേകം ദൈവാലയങ്ങൾ, മിഷൻ കേന്ദ്രങ്ങൾ, ആതുരാലയങ്ങൾ, അനാഥമന്ദിരങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വയോജനപരിചരണ കേന്ദ്രങ്ങൾ, ശിശുക്ഷേമകേന്ദ്രങ്ങൾ, ഭവനശുശ്രൂഷകൾ എന്നിവ ദൈവമഹത്ത്വത്തിനും മനുഷ്യനന്മയ്ക്കുമായി രൂപമെടുത്തു. ഇതിന്റെയെല്ലാം പേരിൽ സഭ പ്രശംസിക്കപ്പെടുകയോ പലപ്പോഴും വിമർശിക്കപ്പെടുകയോ ചെയ്യുമ്പോൾ പരിശുദ്ധാത്മാവിനോടുകൂടെ നാമും പാടണം: "ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല അങ്ങയുടെ നാമത്തിനാണ് മഹത്ത്വം നല്കപ്പെടേണ്ടത്" (സങ്കീ. 115:1).

**ഓരോ ക്രൈസ്തവനും മിഷനറിയാണ്**

ഇതൊക്കെയാണെങ്കിലും പ്രേഷിത പ്രവർത്തനം ക്രൈസ്തവ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്ന അവബോധം എല്ലാ സീറോ മലബാർ വിശ്വാസികളിലും ഇനിയും രൂഢമൂലമായിട്ടില്ല. വിശ്വാസം പകർന്നു നല്കുകയെന്നത് ഓരോ ക്രൈസ്തവന്റെയും മുഴുവൻ സഭയുടെയും കടമയാണ്. അതു തിരഞ്ഞെടുക്കപ്പെട്ട ഏതാനും വ്യക്തികളുടെ കാര്യമോ ഒരു സംഘത്തിന്റെ വിദഗ്ധ തൊഴിലോ അല്ല. അല്മായരും സുവിശേഷ വാഹകരാകണം. വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിലെ പ്രതീക്ഷകൾക്കും പ്രശ്നങ്ങൾക്കും ഉള്ള ഫലപ്രദമായ ഒരു പ്രതികരണം ക്രൈസ്തവവിശ്വാസമാണെന്ന കാര്യത്തിനാണ് അല്മായർ ഇന്ന് പ്രത്യേകം സാക്ഷ്യം നല്കേണ്ടത്. ജീവിതവും സുവിശേഷവും തമ്മിലുള്ള അകൽച്ച അതിജീവിച്ചാലേ അതു സാധിക്കൂ. മാത്രമല്ല, അവർ കുടുംബം, തൊഴിൽരംഗം, സമൂഹം എന്നിവിടങ്ങളിലെ ദൈനംദിനപ്രവർത്തനങ്ങളിൽ സുവശേഷത്തിന്റെ ശക്തിയും പ്രചോദനവും പൂർണമായി ഉൾക്കൊണ്ട് സമഗ്രമായ ജീവിതവീക്ഷണം പാലിക്കുകയും വേണം (cf. അല്മായവിശ്വാസികൾ, 34, കർത്താവിന്റെ വചനം, 94).

സുവിശേഷം പ്രഘോഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനു വിശ്വാസജീവിതത്തിന്റെ മൗലികഘടകങ്ങളായ പ്രഘോഷണം, സാക്ഷ്യം, ആഘോഷം, ശ്രവണം, പങ്കുവയ്ക്കൽ, പരസ്നേഹം എന്നിവയെല്ലാം സാധിക്കുന്നിടത്തോളം തീവ്രമായി ക്രൈസ്തവസമൂഹങ്ങൾ ജീവിക്കണം. പ്രേഷിതത്വത്തെ നിരന്തരം ഉണർത്താൻ സഭ ശ്രദ്ധിക്കണം. ലോകത്തിലെങ്ങും വാക്കും പ്രവൃത്തിയും വഴി സുവിശേഷംപ്രഘോഷിക്കാൻ ക്രിസ്തുവിന്റെ എല്ലാ ശിഷ്യരെയും എപ്പോഴും ഉണർത്തിക്കൊണ്ടാണ് സഭ നിർവഹിക്കുന്നത്. പ്രഘോഷണം വഴി ആളുകളെ മാനസാന്തരത്തിലേക്കു വിളിക്കുന്നു. വിശ്വാസത്തിലേക്കും ക്രൈസ്തവജീവിതത്തിലേക്കുമുള്ള പ്രകാശിപ്പിക്കലാണത്. തുടർന്ന് മതബോധനവും ക്രൈസ്തവപ്രവേശനകൂദാശകളും വഴി അവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നു (cf. നവസുവിശേഷവത്കരണം, മാർഗരേഖ 12). സുവിശേഷപ്രഘോഷണം, മതബോധനം, ലിറ്റർജി, കൗദാശികജീവിതം, ജനകീയഭക്തി, ക്രൈസ്തവജീവിതസാക്ഷ്യം എന്നിവ സുവിശേഷവത്കരണത്തിന്റെ ഭാഗങ്ങളാണെന്ന കാര്യത്തിൽ നമുക്ക് നല്ല ബോധ്യമുാകണം (EV, 17, 21, 48).

സംയമനവും മതങ്ങളോടുള്ള തികഞ്ഞ ആദരവും പ്രകടമാക്കുന്ന കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനരീതി ശ്ലാഘനീയമാണ്. എങ്കിലും വിശ്വാസികൾ ഭൂരിഭാഗവും അതിൽ നിന്നു വിട്ടുനിൽക്കുകയും അത് മിഷണറി ദൈവവിളി സ്വീകരിച്ചവരുടെ മാത്രം ജോലിയാണെന്ന് കരുതുകയും ചെയ്യുന്നത് ഓരോ ക്രൈസ്തവനും മിഷനറിയാണെന്ന അടിസ്ഥാനതത്ത്വം മനസ്സിലാക്കാത്തതുകൊണ്ടാണ്. വിശ്വാസം സംരക്ഷിക്കപ്പെടണം, ഇടവകയും സ്ഥാപനങ്ങളും വളർച്ചപ്രാപിക്കണം, സഭയ്ക്കെതിരായ നീക്കങ്ങളെ പ്രതിരോധിക്കണം എന്നീ കാര്യങ്ങൾക്ക് അപ്പുറം യഥാർത്ഥമായ ക്രിസ്തുസ്നേഹത്തിൽ നിന്നും, സഭയോടുള്ള പ്രതിജ്ഞാബദ്ധതയിൽ നിന്നും ഉൽഭൂതമാകേണ്ട പ്രേഷിതദൗത്യം അത്മായർ ഗൗരവപൂർവം നിർവഹിക്കാനാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്.

ഉത്ഥാന ദിവസം ശൂന്യമായ കല്ലറയുടെ പക്കൽ കരഞ്ഞുകൊുനിന്ന മഗ്ദലന മറിയത്തിന് പ്രത്യക്ഷനായി ഈശോമിശിഹാ നല്കുന്ന കല്പന സഭയിലെ ഓരോ സ്ത്രീയോടും പുരുഷനോടുമുള്ളതാണ്. "നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക" (യോഹ. 20.17). കർത്താവിന്റെ തിരുഅവതാരത്തിന്റെയും തിരുവുത്ഥാനത്തിന്റെയും സദ്വാർത്തയും അതിൽ അടങ്ങിയിരിക്കുന്ന രക്ഷയും അതുവഴിയായി മനുഷ്യകുലത്തിനു കൈവരുന്ന പ്രതീക്ഷാനിർഭരമായ ജീവിതവും എല്ലാവരെയും അറിയിക്കാൻ ഓരോ ക്രൈസ്തവനും കടമയു്. അത് വാക്കുകളുടെ പ്രഘോഷണം വഴിയും ക്രിസ്തുവിനും അവിടുത്തെ രാജ്യത്തിനും ജീവിതം കൊ് സാക്ഷ്യം വഹിക്കുന്നതുവഴിയും നടത്തേിയിരിക്കുന്നു. അതിനാൽ സഭ അത്മായരുടെ പ്രേഷിതദൗത്യം അതിന്റെ എല്ലാ സാധ്യതയോടും കൂടെ ആവശ്യപ്പെടുന്നു: "സാധിക്കുന്ന വിധത്തിൽ വിശ്വാസം പ്രചരിപ്പിക്കാനുള്ള കടമ ക്രിസ്തുവിന്റെ അനുയായികളായ ഓരോരുത്തർക്കുമു്" (തിരുസ്സഭ 2:17). അല്മായർ ഈ കടമ പ്രഥമവും പ്രധാനവുമായി നിറവേറ്റത് കുടുംബങ്ങളിലാണ്. മാതാപിതാക്കളാണ് പ്രഥമ സുവിശേഷപ്രഘോഷകർ (അല്മായ പ്രേഷിതത്വം, 11). അവർ സുവിശേഷത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് മക്കളിൽ സുവിശേഷത്തിന് അടിത്തറ പാകണം. കുടുംബങ്ങൾ ദൈവവിളിയുടെ നഴ്സറികളായി വർത്തിക്കുകയും ചെയ്യണം. കുടുംബങ്ങളുടെ ദൗത്യത്തെപ്പറ്റി കൗൺസിൽ പഠിപ്പിക്കുന്നു: "ഗാർഹിക സഭ എന്നുവിളിക്കപ്പെടുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകയും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കുന്നത്. കുടുംബത്തിൽ ഓരോരുത്തരുടെയും പ്രത്യേക ദൈവവിളി പരിപോഷിപ്പിക്കേണ്ടതും അവർ തന്നെ. വൈദിക സന്യാസാന്തസിലേക്കുള്ളതാണെങ്കിൽ പ്രത്യേകിച്ചും അവർ പ്രോത്സാഹിപ്പിക്കേണ്ടതാണ്" (തിരുസ്സഭ 2:11)

**ഉപസംഹാരം**

പ്രേഷിതവർഷം സീറോ മലബാർ സഭയ്ക്ക് ഒരു ആത്മശോധനയുടെ സമയമാകണം. കർത്താവു നട്ടു വളർത്തിയ മുന്തിരിവള്ളിയുടെ ശാഖകൾ ദേശം മുഴുവൻ വ്യാപിക്കുകയും അതിന്റെ ശിഖിരങ്ങൾ പർവ്വതങ്ങളിലും ദേവദാരുക്കളിലും പടരുകയും ചില്ലകൾ സമുദ്രം മുതൽ നദി വരെയും എത്തിചേരുകയും ചെയ്തതു പോലെ (സങ്കീ. 80: 9-11) മാതൃസഭയിൽ നിന്നുമല്ലേ ഇനിയും പുതിയമുളകളും ശാഖകളും മിഷൻ പ്രദേശങ്ങളിലേക്കു പടർന്നുകയറേണ്ടത്? അതിന്റെ വളർച്ച മുരടിക്കുന്നുണ്ടെങ്കിൽ ഒത്തൊരുമിച്ചു ചിന്തിക്കണം-എന്തുകൊ് മിഷണറി ദൈവവിളി കുറഞ്ഞുപോയി? ഒരുകാര്യം സംഭവിക്കേിയിരിക്കുന്നു, ദൈവം സ്വർഗ്ഗത്തിൽ നിന്ന് മുന്തിരിവള്ളിയെ സന്ദർശിക്കണം (സങ്കീ. 80.15). അതിനുള്ള സമയമായി. അതിനാൽ ദൈവം പ്രീതിയോടെ തന്റെ സഭയിലേക്ക് കടന്നുവരാനുള്ള അന്തരീക്ഷം സംജാതമാക്കാം. മനോഭാവത്തിലും ജീവിതശൈലിയിലും വന്നുഭവിച്ച വ്യത്യാസങ്ങൾ കാലഘട്ടത്തിന്റെ പ്രത്യേകതകളായി കരുതി സ്വയം നീതികരിക്കാതെ, ഉറവിടങ്ങളിലേക്ക് തിരിച്ചുപോയി യജമാനന്റെ സന്ദർശനത്തെ ത്വരിതപ്പെടുത്താം. ഒരു പുതിയ പന്തക്കുസ്തായുടെ അനുഭവം സഭ മുഴുവനിലും നിറഞ്ഞുവസിക്കണം. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിന്റെ കതിരുകൾ ഏവരുടെമേലും വീശുന്നതിനായി നമുക്കു തയ്യാറാകാം. പ്രതീക്ഷയുടെ ഈ ഒരുക്കത്തിൽ അനുഭവസമ്പന്നയും മാതൃകയും പരിശുദ്ധ മാതാവുതന്നെ. അമ്മയുടെ മദ്ധ്യസ്ഥതയാൽ വിശ്വാസചൈതന്യമുള്ള കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരട്ടെ. അപ്പോൾ അവരുടെ ജീവിതസാക്ഷ്യങ്ങളിൽ നിന്ന് അനേകം ദൈവവിളികൾക്ക് ദൈവം ജന്മം നല്കും. അത് അമ്പതുവർഷത്തിനുശേഷം കൃതജ്ഞതാനിർഭരമായ ആനന്ദത്തോടെ മറ്റൊരു ജൂബിലി നമ്മുടെ സഭയിൽ ആഘോഷിക്കാൻ അവിടന്ന് ഇടയാക്കുകയും ചെയ്യും.